**പതിമൂന്നാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2629** **19.03.2015** ലെ മറുപടിക്ക്

**പട്ടികജാതി പ്രമോട്ടർമാർ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. രാധാകൃഷ്ണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.എസ്.രാജേന്ദ്രൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | എസ്.സി പ്രമോട്ടർമാരുടെ സേവനം വിലയിരുത്താറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പിരിച്ചു വിട്ട എസ്.സി പ്രമോട്ടർമാർക്ക് പകരം പുതിയ നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്താണ്? | (ബി) | 2014 ഡിസംബർ 31-ന് നിലവിലുള്ള പ്രമോട്ടർമാരുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ പ്രമോട്ടർമാരെ നിയമിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. പുതിയ പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അവർ ജോലിയിൽ പ്രവേശിക്കുന്നതു വരെ നിലവിലുള്ള പ്രമോട്ടർമാരെ തുടരാൻ അനുവദിച്ചിട്ടുണ്ട്<br>പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>1. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത +2 അല്ലെങ്കിൽ തത്തുല്യ യോഗ്യത (കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നല്കുന്നതാണ്).<br>2. പ്രായ പരിധി 18-40 വയസ്സ് വരെ<br>3. ഓരോ ജില്ലയിലെയും പ്രമോട്ടർമാരിൽ നിന്നും 10% പേരെ പട്ടികജാതി മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകരിൽ നിന്നും നിയമിക്കാവുന്നതാണ്. ഇവരുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സിയും ഉയർന്ന പ്രായപരിധി 50 വയസ്സും ആയിരിക്കും. |

| | | | |
|---|---|---|---|
| | | | 4. എട്ട് വർഷത്തിൽ കൂടുതൽ കാലം പ്രൊമോട്ടർമാരായി പ്രവർത്തിച്ചവരെ വീണ്ടും പരിഗണിക്കുന്നതല്ല.<br>5. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലെങ്കിൽ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെ പ്രൊമോട്ടർമാരായി നിയമിക്കുന്നതിനു പരിഗണിക്കുന്നതാണ്.<br>6. മുമ്പ് പ്രൊമോട്ടറായി പ്രവർത്തിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി പിരിച്ചുവിടുകയും ചെയ്തവരുടെ അപേക്ഷകൾ വീണ്ടും പരിഗണിക്കുന്നതല്ല.<br>7. 35% പ്രൊമോട്ടർ തസ്തികകൾ വനിതകൾക്കായി നീക്കി വയ്ക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ